അനുഭവിക്കുന്നത്. അതുപോലെ തന്നെ കാർഷിക മേഖല, അങ്ങ് പശ്ചാത്തലമൊരുക്കിയിട്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നു എന്നു പറയുന്നുവെങ്കിലും ഫലത്തിൽ അവിടെയെല്ലാംതന്നെ സ്തംഭനാവസ്ഥ തുടരുകയാണ്. ആ മേഖലയിലും തൊഴിലില്ലായ്മ വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളതുമാണല്ലോ ഇന്നു അനുഭവം കാണിക്കുന്നത്. അതിന് എന്ത് പരിഹാരമാണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നത് എന്നുകൂടി വിശദീകരിച്ചാൽ നന്നായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നേരത്തെതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടാണ് പറയാതിരുന്നത്. കാർഷിക മേഖലയിൽ പരമ്പരാഗത വ്യവസായ മേഖലയിൽ ഇതു രണ്ടുമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കി കൊടുക്കുന്നതും. ഈ രണ്ടു മേഖലകളും വ്യത്യസ്ത കാരണങ്ങൾ കൊണ്ട് ഇന്നു കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അവിടെ ഗവൺമെന്റിനു ചെയ്യാവുന്ന എല്ലാ നടപടികളും കാർഷിക-പരമ്പരാഗത-വ്യാവസായിക മേഖലകളിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ രണ്ടു മേഖലകൾ തളർന്നാൽ കേരളം തളരും, സംശയമൊന്നുമില്ല. ഈ രണ്ടു മേഖലകളിലും ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടാണ് പുതിയ നിക്ഷേപ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുത്തത്. അങ്ങ് പറഞ്ഞതുപോലെ ഇവിടെ പുതിയ സൗകര്യങ്ങൾ വരുന്നില്ല എന്നു പറയുന്നത് ശരിയല്ല. 49,000 കോടി രൂപയുടെ .ഇൻവെസ്റ്റുമെന്റിനുള്ള പ്രപ്പോസലുകളാണ് വിവിധ സ്റ്റേജുകളിൽ നിൽക്കുന്നത്. ഈ ഒരു വർഷം 30,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെൻറ് കേരളത്തിൽ വരുമെന്നു തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിൽ 10 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞു. ബാക്കി വിവിധ പ്രോജക്ടുകൾ നടപ്പിൽ വരുന്നതിനു വിവിധ സ്റ്റേജുകളിലാണ് അതിരിക്കുന്നത്. അത് ഈ വർഷം തന്നെ വരും. അത് വളരെ പ്രതീക്ഷയോടുകൂടിയാണ് നമ്മൾ ഉറ്റുനോക്കുന്നത്. അതിന് എല്ലാപേരുടെയും സഹകരണം വേണം. അതിന് ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം നമുക്ക് ഉണ്ടാക്കേണ്ടതുണ്ട്. അതിന് എല്ലാവരും സഹകരിച്ചാൽ കേരളത്തിന് കഴിഞ്ഞ കാലങ്ങളിൽ നഷ്ടപ്പെട്ട ആ നഷ്ടങ്ങൾ നികത്തിയെടുത്തുകൊണ്ട് മുന്നോട്ട് പോകാൻ കഴിയും.

(4) കോഴിക്കോട് നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. സുജനപാൽ : സർ, കോഴിക്കോട് നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നത്തിന് പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

കാണണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഒരു കാളിംഗ് അറ്റൻഷനായി തന്നതാണ്. അങ്ങ് സബ്മിഷനായി അനുവദിച്ചതിൽ നന്ദിയുണ്ട്. ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത സാഹചര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ മനസിലാക്കുകയും ഡ്രെയിനേജ് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുകയും വേണം. മാലിന്യസംസ്ക്കരണത്തിന് ആവശ്യമായ ആധുനിക സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണം. ട്രാഫിക് കുരുക്ക് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ റോഡുകളും ഫ്ളൈ ഓവറുകളും നിർമ്മിക്കാനുള്ള പദ്ധതി ഇതിനകംതന്നെ പി.ഡബ്ല്യു.ഡി. തയ്യാറാക്കിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് നടപ്പിലാക്കാൻവേണ്ടിയിട്ടുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗിന്റെ കാലാവധി പൂർത്തിയായി. ഇപ്പോൾ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് നിലവിലില്ലാത്ത സാഹചര്യത്തിൽ അതിന് ആവശ്യമായിട്ടുള്ള സംവിധാനം ഉണ്ടാകണം. തലസ്ഥാന നഗരിയുടെ വികസനത്തിന് ഗവൺമെന്റ് തയ്യാറാക്കിയ പദ്ധതി പോലെ ഒരു സമഗ്ര പദ്ധതി കോഴിക്കോട് നഗരത്തിന്റെ വികസനത്തിനുവേണ്ടി തയ്യാറാക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. കാലിക്കട്ട് ഡെവലപ്മെന്റ് അതോറിട്ടിയുടെ പ്രവർത്തനങ്ങൾ ഇന്നു കാര്യക്ഷമമല്ല. അതിന് ആവശ്യമായ ഫണ്ടില്ല. അതിനാവശ്യമായ ഫണ്ട് നൽകി അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. വർഷങ്ങളായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള ടൂറിസ്റ്റ് "ഡ്രീം സിറ്റി" പദ്ധതി നടപ്പിലാക്കണം. ഇത് പല വകുപ്പുകളുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. അടിയന്തിരമായി മുഖ്യമന്ത്രിതന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിനെ സംബന്ധിച്ച് ഒരു അന്തിമ തീരുമാനം എടുക്കണം. കാലതാമസം ഒഴിവാക്കി 'ഡ്രീം സിറ്റി' പദ്ധതി നടപ്പിലാക്കണം. കോഴിക്കോട് നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻവേണ്ടിയുള്ള 'ഗ്രേറ്റർ കാലിക്കട്ട് വാട്ടർ സപ്ലൈ സ്ക്കീം' കാലതാമസം ഒഴിവാക്കി അടിയന്തിരമായി നടപ്പിലാക്കണം. കോഴിക്കോട് നഗരത്തിന്റെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള രണ്ടു കോടി രൂപ വിനിയോഗിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും കാലതാമസം ഒഴിവാക്കി അത് നടപ്പിലാക്കാൻവേണ്ടിയിട്ടുള്ള അടിയന്തിര നടപടി ഗവൺമെന്റ് കൈക്കൊള്ളുകയും ചെയ്യണം. ഏതാണ്ട് ജനജീവിതമാകെ ദുസ്സഹമായ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഡ്രെയിനേജ് സംവിധാനമില്ല. മാലിന്യങ്ങൾ സംസ്ക്കരിക്കാൻ സംവിധാനമില്ല. ഇതു കൊണ്ട് കൊതുക് നിറഞ്ഞ ഒരു നഗരമായി നഗര ജീവിതം ദുസ്സഹമാകുന്ന ഒരു സാഹചര്യമാണുള്ളത്. ഇതിന് അടിയന്തിരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, തലസ്ഥാന നഗരിയുടെ സമഗ്രമായ വികസനത്തിനുവേണ്ടിയിട്ടുള്ള പരിപാടികൾ രൂപീകരിച്ചിട്ടുള്ളതുപോലെ കൊച്ചിയിലും

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ടും അതുപോലുള്ള സമഗ്രമായ ഒരു പരിപാടിക്ക് രൂപം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി തിരുവനന്തപുരത്തെ മാതൃകയിൽതന്നെ മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി ഉടനെതന്നെ കൊച്ചിക്കും കോഴിക്കോടിനും വേണ്ടി രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പലതും കോഴിക്കോട് നഗരത്തിലുണ്ട്. കോഴിക്കോട് നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടുകൂടി 183 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇന്ന് ഡ്രെയിനേജ് സംവിധാനം വളരെ ഭാഗികമായിട്ടാണുള്ളത്. ഇത് ഏറ്റവും മുഖ്യമായിട്ടുള്ള ഒരു പ്രശ്നം തന്നെയാണ്. 300 ടൺ സംസ്ക്കരണശേഷിയുള്ള പ്ലാന്റിന്റെ നവീകരണം അടക്കം 613 ലക്ഷം രൂപയ്ക്കുള്ള പദ്ധതിക്ക് കേന്ദ്ര സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുപോല റോഡ് വികസന പദ്ധതിക്കുവേണ്ടി ഫ്ളൈ ഓവർ ഉൾപ്പെടെ 39 കോടി രൂപയുടെ ഒരു പരിപാടിയിൽ നിലവിലുള്ള റോഡുകളുടെ വികസനങ്ങൾകൂടി ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് പരിശോധിക്കും. ഈ മൂന്ന് പ്രധാനപ്പെട്ട നഗരങ്ങളുടെ വികസനത്തിനുവേണ്ടി 2 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അതിൽ കോഴിക്കോട് വികസന അതോറിട്ടിക്ക് 78.2 ലക്ഷം രൂപ നൽകാനായിട്ട് തീരുമാനിച്ചിട്ടുണ്ട്. ആ രൂപ അവർക്ക് വിനിയോഗിക്കാൻ സാധിക്കത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ ഡ്രീം സിറ്റി പദ്ധതി വളരെ വർഷങ്ങളായിട്ടുള്ള ഒരു നിർദ്ദേശമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശങ്ങൾ ഞാൻ സ്വീകരിക്കുന്നു. അതിനു വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഒരു കോ-ഓർഡിനേഷൻ ആവശ്യമാണ്. അതുസംബന്ധിച്ച് ഞാൻ തന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ള പദ്ധതി ഉൾപ്പെടെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കോഴിക്കോടിന്റെ ആവശ്യങ്ങൾ പ്രത്യേകമായിട്ട് പരിഗണിക്കും, ഞാൻ ഉറപ്പു പറയുന്നു.

(5) പാമ്പാടുംപാറ ഗ്രാമപഞ്ചായത്തംഗം ബിന്ദുവിന്റെ മരണം

ശ്രീ. പി. എസ്. സുപാൽ : സർ, സി. പി. ഐ. ലോക്കൽ കമ്മിറ്റി സെക്രട്ടറി അജേഷിന്റെയും പാമ്പാടുംപാറ ഗ്രാമപഞ്ചത്തംഗമായ ബിന്ദുവിന്റെയും മരണത്തിനുത്തരവാദിയായ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയപ്രസാദിനെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജയപ്രസാദ്

LIBRARY ARCHIVES Kerala Legislative Assembly